**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1736 17-06-13 ൽ മറുപടിക്ക്**

**സന്നദ്ധസംഘടനകളുടെ സഹായത്തോടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

ചോദ്യം:

ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, എ.പി. അബ്ദുള്ളക്കുട്ടി

(എ) സന്നദ്ധസംഘടനകളുടെ സഹായത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എസ്.പി.സി., എൻ.എസ്.എസ്. തുടങ്ങിയ സംഘടനകളെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഫലപ്രദമായ ലഹരിവിരുദ്ധ ബോധവത്ക്കരണത്തിനായി പ്രസ്തുത സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ)-യും, (ബി)-യും, (സി)-യും.

വിവിധ സന്നദ്ധ സംഘടനകളുടെയും, SPC, NSS, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെയും സഹകരണത്തോടെ, ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി, തെരു വ് നാടകം, സെമിനാർ, ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ പ്രദർശനം, കൂട്ടയോട്ടം തുടങ്ങിയ പരിപാടികൾ, പ്രസ്തുത സംഘടനകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ